(ഇ) യാത്രാബത്ത ഇനത്തിലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലും ഏകദേശം 8 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്.

(എഫ്) സബ്സിഡി ഇനത്തിൽ കുടിശ്ശിക ഒന്നും നിലവിലില്ല. 2005 ഫെബ്രുവരി മാസം വരെ ലഭിച്ച അപേക്ഷകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഖാദി നെയ്ത്ത് ഉല്പാദന കേന്ദ്രങ്ങൾ

113 [2616] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട, എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഖാദി ബോർഡിന്റെ സഹായത്തോടെയും നേരിട്ടും എത്ര ഖാദി നെയ്ത്ത് ഉല്പാദന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഓരോന്നിലും എത്ര നൂൽപ്പുകാരും നെയ്ത്തുകാരും ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കേന്ദ്രങ്ങളിൽ ഓരോന്നിലും എത്ര ബോർഡ് ജീവനക്കാർ ഉണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബോർഡ് നേരിട്ടു നടത്തുന്ന 4 ഖാദി നെയ്ത്ത് കേന്ദ്രങ്ങളും 3 നൂൽപ്പു കേന്ദ്രങ്ങളും ഈ പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്നു.

(ബി ആന്റ് സി)

	നൂൽപ്പുകാർ എണ്ണം	*നെയ്ത്തുകാർ എണ്ണം*	*ബോർഡ് ജീവനക്കാർ*
നന്മണ്ട	..	12	1
എലത്തൂർ	..	..	..
തലക്കുളത്തൂർ	..	8	1
അത്തോളി	..	..	..
ഉള്ളിയേരി	21	..	1
ബാലുശ്ശേരി	38	88	3
പനങ്ങാട്	..	18	1
ആകെ	**59**	**126**	**7**

LIBRARY ARCHIVES Kerala Legislative Assembly